| | | |
|---|---|---|
| 5. കോട്ടയം | 22.10.1999 | 342 |
| 6. എറണാകുളം | 07.06.2000 | 228 |
| 7. തൃശൂർ | 02.05.2000 | 269 |
| 8. പാലക്കാട് | 19.05.2000 | 338 |
| 9. മലപ്പുറം | 21.06.2000 | 419 |
| 10. വയനാട് | 22.10.1999 | 230 |
| 11. കാസർകോട് | 22.10.1999 | 259 |

കണ്ണൂർ, കോഴിക്കോട്, ഇടുക്കി എന്നീ ജില്ലകളിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിയ്ക്കുവാനുള്ള സത്വരനടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഉണ്ട്.

(ഡി) സ്വീകരിച്ചിട്ടുണ്ട്.

(ഇ) ശ്രദ്ധയിൽപെട്ടാൽ ഇക്കാര്യം പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

## 24 (27) പി.എസ്.സി. മുഖേന നിയമനം

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2000 ഫെബ്രുവരി 20-ാം തീയതി വരെ എത്ര ജീവനക്കാർ പെൻഷനായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കാലയളവിൽ പി.എസ്.സി. മുഖേന എത്ര പേരെ പുതുതായി നിയമിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ;

(സി) പി.എസ്.സി.ക്ക് വിട്ടുകൊടുത്തിട്ടുള്ള തസ്തികകളിൽ പി.എസ്.സി വഴിയല്ലാതെ "ഡെയ്‌ലി വേജസിൽ" നേരിട്ട് നിയമനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ഡി) സംസ്ഥാന സർക്കാർ വകുപ്പുകളിൽ പി.എസ്.സി.യെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെയും മറികടന്നു കൊണ്ട് നേരിട്ട് നിയമനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സംസ്ഥാന സർക്കാരിന്റെ വൻ തുക ഷെയറായും ഗ്രാന്റായും ലോണായും വാങ്ങിച്ചിട്ടുള്ള സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലും കോർപ്പറേഷനുകളിലും നേരിട്ട് നിയമനം നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇതിനെതിരെ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലഭ്യമായ കണക്കുപ്രകാരം 96,954 പേർക്ക് പി.എസ്.സി. വഴി നിയമനം നല്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി...എഫ്) വിവരം ശേഖരിച്ചു നല്കുന്നതാണ്.

**25 (28) എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം**

ശ്രീ. ടി.കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശൂർ ജില്ലയിലെ വിവിധ വകുപ്പുകളിലേക്ക് നിയമനത്തിനായുള്ള എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; ഇതിൽ മുസ്ലീം സമുദായത്തിൽ ഏത് റാങ്ക് വരെയുള്ളവർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) 2000 നവംബർ മാസത്തിന് ശേഷം എൽ.ഡി.സി. നിയമനത്തിനായി റിപ്പോർട്ട് ചെയ്ത വേക്കൻസികളുടെ എണ്ണം എത്ര;

(സി) വിവിധ വകുപ്പുകളിലുള്ള എല്ലാ എൽ.ഡി.സി. ഒഴിവുകളും പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 269 പേർക്ക് നിയമന ശുപാർശചെയ്തിട്ടുണ്ട്. മുസ്ലീം സമുദായത്തിൽപ്പെട്ട 730-ാം റാങ്ക് ലഭിച്ച ഉദ്യോഗാർത്ഥിക്കു വരെ നിയമന ശുപാർശ നൽകിയിട്ടുണ്ട്.

(ബി) 76.

(സി) ഓരോ വകുപ്പുകളിലുമുള്ള ഒഴിവുകൾ എത്രയും പെട്ടെന്ന് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് എല്ലാ വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**26 (29) എൽ.ഡി. ക്ലാർക്കുമാരുടെ റാങ്ക് ലിസ്റ്റ്**

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ എൽ.ഡി.ക്ലാർക്കുമാരുടെ നിയമനത്തിനു വേണ്ടി പി.എസ്.സി. തയ്യാറാക്കിയ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും ഉള്ള നിയമനങ്ങളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ആലപ്പുഴ ജില്ലയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; വ്യക്തമാക്കുമോ;

(സി) എത്ര ഒഴിവുകളാണ് പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്;

വ്യക്തമാക്കുമോ;

(ഡി) ബാക്കിവരുന്ന ഒഴിവുകൾ പി.എസ്.സി. യെ അറിയിക്കുന്നതിന് നടപടി സ്വീകരിച്ചുവോ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിൽ വിവിധ വകുപ്പുകളിലേക്കുള്ള എൽ.ഡി. ക്ലാർക്ക് തസ്തികകളിലേക്ക് 18.04.2000-ത്തിൽ നിലവിൽവന്ന റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ 302 പേർക്ക് നിയമനശുപാർശ നൽകിയിട്ടുണ്ട്. ശേഷി

LIBRARY ARCHIVES Kerala Legislative Assembly